**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** **08-02-2023 - ൽ മറുപടിയ്ക്ക്**

**കരിക്കുലം പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യം മുൻനിർത്തി മാതൃകാ കരിക്കുലം രൂപീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ യു.ജി. കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനതലത്തിൽ തന്നെ ഒരു മാതൃകാ കരിക്കുലം രൂപീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് .<br><br>യു.ജി. പ്രോഗ്രാമുകളുടെ കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ഒരു മാതൃക കരിക്കുലം ഫ്രെയിം വർക്ക് രൂപീകരിക്കുന്നതിനുമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് പ്രൊഫ. സുരേഷ് ദാസ് ആദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ചിട്ടുണ്ട്.<br><br>കരിക്കുലം പരിഷ്കരണങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഒരു കരിക്കുലം ശില്പശാല 2022 നവംബർ 29, 30 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.<br><br>കരിക്കുലം പരിഷ്കരണം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് 2022 ഡിസംബർ 8 ന് സർവകലാശാല വൈസ് ചാൻസലർമാർ, മറ്റ് സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരുടെ ഒരു ആലോചനായോഗം തിരുവനന്തപുരത്ത് വച്ച് വിളിച്ച് ചേർത്തിരുന്നു. |

| | | | |
|---|---|---|---|
| | | | 31 -01 -2023 ന ചേർന്ന കരിക്കുലം കമ്മിറ്റി യോഗത്തിൽ കരിക്കുലം ഫ്രെയിം വർക്കിന്റെ ഒരു കരട് രൂപരേഖ കൂടുതൽ ചർച്ചകൾക്കായി അവതരിപ്പിച്ചിട്ടുണ്ട്. |
| (ബി) | പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വൈജ്ഞാനിക മേഖലയിലെ നൂതന പഠന വിഷയങ്ങൾ കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അസാപ്, കെ-ഡിസ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വൈജ്ഞാനിക മേഖലയിലെ നൂതന പഠന വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോഴ്സുകൾ അസാപ് കേരള വികസിപ്പിക്കുന്നുണ്ട്. നൂതന പഠന വിഷയങ്ങൾ കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അസാപ്, കെ-ഡിസ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ സർവകലാശാലാ തലത്തിൽ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവസാനമായി കരിക്കുലം പരിഷ്കരണം നടത്തിയത് എന്നായിരുന്നു; കരിക്കുലം പരിഷ്കരണം ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമഗ്രമായ കരിക്കുലം പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് 2009-10 അക്കാദമിക വർഷമാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രൊഫ. എം. വിജയൻ അദ്ധ്യക്ഷനായ സമിതി മുന്നോട്ടുവെച്ച ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകളിൽ ബിരുദതല പ്രോഗ്രാമുകളുടെ സമഗ്രപരിഷ്കരണത്തിന് നിദാനമായി.<br><br>കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചതിനു ശേഷം 2023 മാർച്ച് മാസത്തോടെ കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിന്റെ പൂർണ്ണരൂപം സർവകലാശാലകൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് ഈ ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ കരിക്കുലം രൂപീകരിക്കുന്നതിനും സിലബസ് പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർവകലാശാലകൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ